"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - തലശ്ശേരി നഗരസഭ - മൗവ്വൻസ് ആശുപത്രി കെട്ടിടത്തിൽ അന്യസംസ്ഥാന തൊഴിലാളികളെ താമസിപ്പിച്ചത് - വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ മിന്നൽ പരിശോധന റിപ്പോർട്ട് - ക്ലീൻ സിറ്റി മാനേജർ ശ്രീ.പ്രമോദ് .കെ-യ്ക്ക് എതിരായ അച്ചടക്കനടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.1453/2025/LSGD തീയതി,തിരുവനന്തപുരം, 12-06-2025

---

പരാമർശം:-

1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 23.05.2024 തീയതിയിലെ E17 (SC-2/2024/KNR) 40625/2023/DVACB നമ്പർ കത്തും അനുബന്ധ രേഖകളും.
2. 29.09.2024തീയതിയിലെ ഇയു4/133/2024-തസ്വഭവ -നമ്പർ കുറ്റാരോപണ മെമ്മോ /പത്രിക.
3. ക്ലീൻ സിറ്റി മാനേജർ ശ്രീ.പ്രമോദ് .കെ സമർപ്പിച്ച 06.01.2025 തീയതിയിലെ പ്രതിവാദ പത്രിക
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 24.05.2025 തീയതിയിലെ LSGD/PD/37816/2024-VIGE3 നമ്പർ കത്ത്.

**ഉത്തരവ്**

തലശ്ശേരി മുനിസിപ്പാലിറ്റി കായ്യത്ത് വാർഡിൽ ലൈസൻസ് ഇല്ലാത്ത പഴയ ആശുപത്രി കെട്ടിടത്തിൽ അനുമതി ഇല്ലാതെ നഗരസഭയിലെ ആരോഗ്യ വിഭാഗം ഉദ്യോഗസ്ഥരുടെ ഒത്താശയോടെ അനാരോഗ്യകരമായ ചുറ്റപാടിൽ അന്യസംസ്ഥാന തൊഴിലാളികളെ താമസിപ്പിക്കുന്നുവെന്നും ഇത് സംബന്ധിച്ച് പരിസരവാസികൾ നൽകിയ പരാതിയിൽ ഉദ്യോഗസ്ഥർ അനാവശ്യമായ കാലതാമസം വരുത്തുന്നു എന്നും രജിസ്ട്രേഷൻ/ലൈസൻസ് എടുക്കാതെ പ്രവർത്തിച്ചതിന് പിഴ ഒടുക്കേണ്ടതാണ് എന്ന് കാണിച്ച് ഹെൽത്ത് ഇൻസ്പെക്ടർ നോട്ട് എഴുതിയിട്ടും നടപടി സ്വീകരിച്ചില്ല എന്നും, പുറക് വശത്തുള്ള അയൽവാസിയുടെ പറമ്പിലേക്ക് കക്കൂസ് മാലിന്യജലം ഒഴുക്കുന്നതായി കണ്ടതിന് പിഴ ഒടുക്കാത്തതിലും മുനിസിപ്പൽ രേഖകളിൽ പരാതിയുള്ള കെട്ടിട നമ്പർ മാറിയതിലും മറ്റും ക്രമക്കേടുകൾ നടന്നിട്ടുണ്ട് എന്നുമുള്ള പരാതിയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ തലശ്ശേരി നഗരസഭയിൽ മിന്നൽ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

2. തൊഴിലാളികളെ താമസിപ്പിച്ച കെട്ടിടത്തിന് പെർമിറ്റ് / രജിസ്ട്രേഷൻ/ലൈസൻസ് എടുക്കാതെ പ്രവർത്തിച്ചതിനും മാലിന്യസംസ്കരണ സംവിധാനം ഏർപ്പെടുത്താതെ പ്രവർത്തിച്ചതിനും പിഴ ഒടുക്കണം എന്ന നിയമം നിലവിലിരിക്കെ മുനിസിപ്പാലിറ്റിയിലേക്ക് നിയമാനുസരണം ഒടുക്കേണ്ട പിഴ പ്രസ്തുത കാലയളവിൽ ഈടാക്കിയിട്ടില്ലെന്ന് മിന്നൽ പരിശോധനയിൽ കണ്ടെത്തിയിരുന്നു. ടി ക്രമക്കേടിന് ക്ലീൻ സിറ്റി മാനേജർ ആയിരുന്ന

ശ്രീ.പ്രമോദ്. കെ -യ്ക്കെതിരെ വകുപ്പ്തല അച്ചടക്ക നടപടി സ്വീകരിക്കാൻ വിജിലൻസ് & കറപ്ഷൻ ബ്യൂറോ ഡയറക്ടർ പരാമർശം (1) പ്രകാരം ശിപാർശ ചെയ്തിരുന്നു. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ക്ലീൻ സിറ്റി മാനേജർ ശ്രീ.പ്രമോദ് .കെ-യ്ക്കെതിരെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ഭാഗം V, ചട്ടം 16 പ്രകാരം അച്ചടക്ക നടപടി ആരംഭിച്ച് പരാമർശം (2) പ്രകാരം കുറ്റാരോപണ മെമ്മോ /പത്രിക നൽകുകയും ചെയ്തിരുന്നു. തുടർന്ന് ടിയാൻ പരാമർശം(3) പ്രകാരം പ്രതിവാദ പത്രിക ലഭ്യമാക്കുകയും ചെയ്തിരുന്നു.

3.തൊഴിലാളികളെ മാലിന്യസംസ്കരണ സംവിധാനം ഇല്ലാതെ താമസിപ്പിച്ചു എന്ന പരാതി ലഭിച്ചതിനെത്തുടർന്ന് 49/422 നമ്പർ കെട്ടിടത്തിൽ ഹെൽത്ത് ഇൻസ്പെക്ടർ നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ നോട്ടീസ് നൽകിയിട്ടുള്ളതാണെന്നും തുടർന്ന് ഹെൽത്ത് ഇൻസ്പെക്ടർ വീണ്ടും റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ രണ്ടാമതും നോട്ടീസ് നൽകിയിട്ടുള്ളതാണെന്നും കെട്ടിടത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടില്ലെന്ന് കണ്ടതിനാൽ ആവശ്യമായ സംവിധാനമൊരുക്കുന്നതിന് മൂന്നാമതും നോട്ടീസ് നൽകിയിട്ടുള്ളതാണെന്നും മേൽ നിർദ്ദേശം പാലിക്കാത്തതിനാൽ കെട്ടിടം ഡിപ്പാർട്ട്മെന്റലായി അടച്ച് പൂട്ടുന്നതിന് ഹെൽത്ത് ഇൻസ്പെക്ടറെ ചുമലപ്പെടുത്തിയിട്ടുള്ളതാണെന്നും കെട്ടിടം അടച്ചുപൂട്ടുക എന്നുള്ളതാണ് പരാതിക്ക് പരിഹാരമെന്നും, അപ്രകാരം ചെയ്തിട്ടുള്ളതാണെന്നും മേൽ സ്ഥാപനം പരിശോധിച്ച സമയത്ത് പിഴ ഈടാക്കുന്നതിന് ബന്ധപ്പെട്ട ഹെൽത്ത് ഇൻസ്പെക്ടറോട് നേരിട്ട് പറഞ്ഞിട്ടുള്ളതാണെന്നും കെട്ടിടം നാളിതുവരെ തുറന്നുകൊടുത്തിട്ടില്ലെന്നും തന്റെ ഭാഗത്തു നിന്നും ബോധപൂർവമായ കാലതാമസം ഉണ്ടായിട്ടില്ലെന്നും കുറ്റാരോപണത്തിൽ നിന്നും ഒഴിവാക്കണമെന്നും ശ്രീ പ്രമോദ്.കെ പ്രതിവാദ പത്രികയിൽ ആവശ്യപ്പെട്ടിരുന്നു.

4. കായ്യത്ത് റോഡിലെ 40/422 നമ്പരുള്ള മൗവൻസ് ഹോസ്പിറ്റലിന്റെ പഴയ കെട്ടിടത്തിൽ ലൈസൻസില്ലാതെ അന്യസംസ്ഥാന തൊഴിലാളികളെ പാർപ്പിച്ചതിനാൽ ഉണ്ടായിട്ടുള്ള സാമൂഹികവും ആരോഗ്യപരവുമായ പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീമതി ഫാത്തിമ മുതൽ പേർ 23.03.2023 തീയതിയിൽ നഗരസഭാ സെക്രട്ടറിക്ക് സമർപ്പിച്ച പരാതിയിൽ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ പരിശോധന നടത്തി 03.04.2023-ന് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും കെട്ടിടത്തിന് ലോഡ്ജിംഗ് ഹോസ്റ്റൽ ലൈസൻസ് ഇല്ലെന്നും, കെട്ടിടത്തിന്റെ മുൻ വശത്ത് 6 വലിയ പ്ലാസ്റ്റിക് ചാക്കുകളിലും 4 പ്ലാസ്റ്റിക് ബക്കറ്റുകളിലുമായി ജൈവ, അജൈവ, പ്ലാസ്റ്റിക് മാലിന്യങ്ങൾ തരംതിരിക്കാതെ വൃത്തിഹീനമായി സൂക്ഷിച്ചിട്ടുള്ളതായും, പരിസരം വൃത്തിഹീനമാണെന്നും അജൈവമാലിന്യം കൈകാര്യം ചെയ്യുന്നതിന് ഹരിതകർമ്മസേനാ രജിസ്ട്രേഷൻ ഇല്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്. മേൽ പറഞ്ഞ ന്യൂനതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യുന്നതിന് കെട്ടിടത്തിന്റെ കൈവശക്കാരനായ MRA Restaurant മാനേജർക്ക് 27.04.2023-ന് നോട്ടീസ് നൽകിയിട്ടുള്ളതായും, നോട്ടീസ് ലഭിച്ചതിനെ തുടർന്ന് ന്യൂനതകൾ പരിഹരിച്ചിട്ടുണ്ടെന്ന് കാണിച്ച് MRA Restaurant മാനേജർ 19.05.2023-ന് മറുപടി സമർപ്പിച്ചിട്ടുള്ളതാണെന്നും എന്നാൽ പരാതി നിലനിൽക്കുന്നതായും കെട്ടിടം അടച്ചുപൂട്ടുന്നതിന് നടപടി സ്വീകരിക്കണമെന്നും കാണിച്ച് പരിസരവാസികൾ 07.06.2023-ന് വീണ്ടും പരാതി സമർപ്പിച്ചതായും തുടർന്ന് കെട്ടിടത്തിനെതിരെ കേരള മുനിസിപ്പൽ നിയമം 334 എ, 440,447,532 എന്നീ വകുപ്പുകൾ പ്രകാരം 04.07.2023-ന് നോട്ടിസ് നൽകിയിട്ടുള്ളതുമാണെന്നും മറുപടി തൃപ്തികരമല്ലാത്തതിനാൽ സ്ഥാപനം അടച്ചുപൂട്ടുന്നതിന് പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ ജിതേഷ് ഖാനെ ചുമതലപ്പെടുത്തി നഗരസഭാ സെക്രട്ടറി 01.08.2023-ന് ഉത്തരവ്

നൽകിയിട്ടുള്ളതാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

5. കെട്ടിടം അടച്ചുപൂട്ടുക എന്നുള്ളതാണ് പരാതിക്കാരുടെ ആവശ്യമെന്നും ആയത് നടപ്പിലാക്കിയിട്ടുണ്ടെന്നുമുള്ള ശ്രീ കെ.പ്രമോദിന്റെ പ്രതിവാദം വസ്തുതാപരമാണെന്നും എന്നാൽ കെട്ടിടത്തിൽ പ്രാഥമിക പരിശോധന നടത്തിയ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ കെട്ടിടത്തിന് ലോഡ്ജിംഗ്/ഹോസ്റ്റൽ ലൈസൻസ് ഇല്ലെന്നും, കെട്ടിടത്തിന്റെ മുൻ വശത്ത് 6 വലിയ പ്ലാസ്റ്റിക് ചാക്കുകളിലും 4 പ്ലാസ്റ്റിക് ബക്കറ്റുകളിലുമായി ജൈവ, അജൈവ, പ്ലാസ്റ്റിക് മാലിന്യങ്ങൾ തരംതിരിക്കാതെ വൃത്തിഹീനമായി സൂക്ഷിച്ചിട്ടുള്ളതായും പരിസരം വൃത്തിഹിനമാണെന്നും, അജൈവമാലിന്യം കൈകാര്യം ചെയ്യുന്നതിന് ഹരിതകർമ്മസേനാ രജിസ്ട്രേഷൻ ഇല്ലെന്നും റിപ്പോർട്ട് ചെയ്തതായും ടി ഫയൽ ക്ലീൻ സിറ്റി മാനേജരായ ശ്രീ. കെ പ്രമോദ് കണ്ടിട്ടുള്ളതാണെന്നും മാലിന്യ സംസ്കരണ സംവിധാനമില്ലാതെ സ്ഥാപനം പ്രവർത്തിപ്പിച്ചതിനും മാലിന്യം അലക്ഷ്യമായി പൊതുസ്ഥലത്ത് നിക്ഷേപിച്ചതിനും ബന്ധപ്പെട്ടവർക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതായിരുന്നുവെന്നും അപ്രകാരം നടപടികൾ സ്വീകരിക്കാത്തത് നഗരസഭാ ഹെൽത്ത് വിഭാഗത്തിന്റെ മേധാവി എന്ന നിലയിൽ ശ്രീ.പ്രമോദ്.കെ-യുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടുള്ള ജാഗ്രതക്കുറവാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

6. സർക്കാർ ഇക്കാര്യം, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ മിന്നൽ പരിശോധന റിപ്പോർട്ടിലെ കണ്ടെത്തലുകൾ, ശ്രീ.പ്രമോദ്.കെ സമർപ്പിച്ച പ്രതിവാദ പത്രിക, പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ച് മാലിന്യ സംസ്കരണ സംവിധാനമില്ലാതെ സ്ഥാപനം പ്രവർത്തിപ്പിച്ചതിനും മാലിന്യം അലക്ഷ്യമായി പൊതുസ്ഥലത്ത് നിക്ഷേപിച്ചതിനും ബന്ധപ്പെട്ടവർക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കാത്തത് നഗരസഭാ ഹെൽത്ത് വിഭാഗത്തിന്റെ മേധാവി എന്ന നിലയിൽ ശ്രീ.പ്രമോദ്.കെ-യുടെ ഭാഗത്തു നിന്നുള്ള കടുത്ത വീഴ്ചയാണെന്ന് കാണുന്നു.

7. ആയതിനാൽ തലശ്ശേരി നഗരസഭ പരിധിയിലെ ലൈസൻസ് ഇല്ലാത്ത മൗവ്വൻസ് എന്ന പഴയ ആശുപത്രി കെട്ടിടത്തിൽ അന്യസംസ്ഥാന തൊഴിലാളികളെ താമസിപ്പിച്ചതുമായി ബന്ധപ്പെട്ട് നഗരസഭയിലെ ക്ലീൻ സിറ്റി മാനേജരായ ശ്രീ. പ്രമോദ്.കെ-യ്ക്കെതിരെ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ഭാഗം V, ചട്ടം 16 പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി ടിയാന്റെ രണ്ട് വാർഷിക ശമ്പള വർദ്ധനവ് സഞ്ചിത ഫലപ്രാബല്യത്തോടെയല്ലാതെ രണ്ട് വർഷത്തേക്ക് തടഞ്ഞുകൊണ്ട് അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീ. പ്രമോദ്.കെ, ക്ലീൻ സിറ്റി മാനേജർ, തലശ്ശേരി നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ

വിജിലൻലസ് വകുപ്പ്(28.06.2024 തീയതിയിലെ വിജി-എഫ്1/110/2024/വിജി നമ്പർ കത്ത് പ്രകാരം)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.(ഇയു4/133/2024-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

Signed by
Sonu Jacob
Date: 12-06-2025 16:47:01

സെക്ഷൻ ഓഫീസർ